

# ആകാശം വരച്ച ചിത്രങ്ങൾ

## ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബ്

## ഗവ.ഹൈസ്കൂൾ തച്ചങ്ങാട്

**ഡിജിറ്റൽ മാഗസിൻ**

**2022-23**

# എഡിറ്റോറിയൽ



തച്ചങ്ങാട് ഗവ.ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന നാലാമത്തെ ഡിജിറ്റൽ മാഗസിനാണിത്.ഇതിന് മുൻപ് പുറത്തിറങ്ങിയ മൂന്ന് മാഗസിനുകളെയും ഏറെ സന്തോഷത്തോടെയാണ് എല്ലാവരും ഏറ്റെടുത്തത്. അതുകൊണ്ടാണ് ഒന്നിനുപിറകെ ഒന്നായി സർഗ്ഗാത്മകതയുടെ പൂക്കാലം തീർക്കാൻ ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബ്ബിനായത്.സ്കൂളിൽ സർഗ്ഗാത്മകമായി ചിന്തിക്കാത്ത ഒരു കുഞ്ഞും ഇല്ല..അവന്റെ ഓരോ വാക്കും വരയും സംസാരവും ചലനവുമെല്ലാം വ്യത്യസ്തമായ സർഗ്ഗാത്മതകതയെ അടയാളപ്പെടുത്തുന്നു.അതുകൊണ്ടാണ് കുഞ്ഞുങ്ങളുടെ ലോകം ഏറെ ആഹ്ലാദകരമാണെന്ന് പറയുന്നത്..

ഇതാ ഈ മാഗസിനും ആഹ്ലാദത്തിന്റെ പൂത്തിരി കത്തിച്ചുവച്ച ഡിജിറ്റൽ ഇടമാണ്.അതിന് കുഞ്ഞുങ്ങളോടൊപ്പം അധ്യാപകരും ചേരുന്നു..2022-23 വർഷത്തെ ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കുമുന്നിൽ സ്നേഹത്തോടെ സമർപ്പിക്കുന്നു.

സ്നേഹത്തോടെ

സ്റ്റുഡന്റ് എഡിറ്റർ

## അക്ഷര കെ

# താളുകളിൽ

## കവിതകൾ


| | | പേജ് നമ്പർ |
|---|---|---|
| പുതു ജന്മം | നമിത്ത് എം | 4 |
| ചിറക് | അക്ഷര രാജേഷ് | 5 |
| തിര | അനാമിക അശോകൻ | 6 |
| മതിലുകൾക്ക് പറയാനുള്ളത് | സ്നേഹ കെ വി | 10 |
| ആരും അറിയാത്തത് | അക്ഷര കെ | 11 |
| All of the things I ever knew | അവന്തിക ഉദയഭാനു | 12 |
| തിരിച്ചറിവ് | സുനിമോൾ ബളാൽ | 13 |
| ശിശിരം | ഗീത കുടജാദ്രി | 14 |
| 4 കവിതകൾ | സുനിമോൾ ബളാൽ | 15 |
| Nature | ശ്രേയ എം | 16 |
| പനിനീർപൂവ് | സുജാത ബാലൻ | 17 |
| പൊന്നോണം | അലീഫ അമൻ | 20 |
| സ്വപ്നം | ദിയ.പി | 21 |
| വസന്തം | സുനിമോൾ ബളാൽ | 22 |


## കഥകൾ


| | | |
|---|---|---|
| അവശിഷ്ടങ്ങൾക്കിടയിലെ ആഗ്രഹം | അഭിനവ് കൃഷ്ണ | 7 |
| മാഞ്ഞുപോയ വഴികൾ | ദേവനന്ദ | 8 |
| കാർട്ടൂൺ | അഭിരാമി കെ | 18 |
| കാർട്ടൂൺ | അഭിരാമി കെ | 19 |
| ചിത്രം | വിശ്വജിത്ത് | 23 |
| ചിത്രം | ദീപക് | 24 |

# പുതുജന്മം

## കവിത

ജീവന്റെ ഭാഗമായമതിലുകൾക്ക്
ഇന്ന്പുത്തൻവീട് കെട്ടിയുയർത്തുമ്പോൾ
വാനിലേക്ക് ഉയരുന്ന മതിൽ ഉണ്ട്
സ്നേഹവുമില്ല സൗഹൃദവും ഇല്ല
ആകെയുള്ളത് ശത്രുത മാത്രം
ജീവന്റെ മൂല്യം അറിയാത്ത നിങ്ങൾക്ക്
സ്നേഹത്തിൻ മൂല്യം എങ്ങനെ അറിയാൻ
നശിച്ചു പോകാത്ത ആത്മബന്ധങ്ങളെക്കാൾ
തീ കൊണ്ടാൽ കത്തുന്ന പണത്തോടാണ് പ്രിയം
എന്ത് ജനമിത്
നശിച്ച ജനമിത്.




നമിത്ത് എം
9E



# ചിറക്
## കവിത

ചിറകാണ് എന്റെ ജീവിതം
എനിക്ക് പാറി പറക്കുവാൻ ആശയുണ്ട്.
എങ്കിലും എനിക്ക് ചിറകില്ലല്ലോ
വർണ്ണച്ചിറക് വിരിച്ച് മാനത്തൂടെ
പറന്നു കളിക്കാൻ എനിക്ക് ആശയുണ്ട്
എനിക്കും മാനത്തൂടെ പറന്നു കളിക്കണം
വർണ്ണങ്ങളാൽ നിറഞ്ഞ ഒരു കുഞ്ഞു ചിറകിലെങ്കിലും
എനിക്കു പറക്കണം
എന്റെ ആശ തീരുവാൻ ആയെങ്കിലും
എനിക്കൊരു ചിറകു വേണം...
വർണ്ണച്ചിറകുകളാൽ പാറുന്ന കിളികളെ പോൽ
എനിക്കും മാനത്തൂടെ പറക്കണം
അതിമോഹം എനിക്ക് അതിമോഹം
കുഞ്ഞു കിളികളോടൊപ്പം പറന്നുയരാൻ
എന്റെ മനസ്സിൽ പറന്നുയരുന്ന എൻമോഹം
എനിക്കും പാറി പറക്കുവാൻ ആശയുണ്ട്...
എങ്കിലും എനിക്ക് ചിറകില്ലല്ലോ
ഞാനൊരിക്കൽ മാനത്തൂടെ ചിറകു വിരിച്ചു പറക്കുന്നു..
ചിറകുണ്ടാകണം..



**അക്ഷര രാജേഷ്**
**ഏഴാം തരം ബി**

# തിര

## കവിത

ജീവിതം ഒരു സമുദ്രം പോലെ
വിശാലമായി നിൽക്കുന്നു
ആ സമുദ്രത്തിലെ ഓരോ തിരയുടെ കുതിപ്പും
മുന്നോട്ടു ചലിക്കുന്ന ജീവിതം പോലെ നീങ്ങുന്നു
തിരകൾ ചെറിയതായി ഉത്ഭവിച്ച്
വലിയ തിരകളായ് തീരത്ത് ചെന്ന് ചേരുന്നു
ഒരു നീണ്ട യാത്രയുടെ അവസാനത്തിൽ എത്തുന്നു തിര
തിരമാലകൾ കുതിച്ചു കരയിൽ വീഴുന്ന പോലെ
ഞാൻ എന്റെ ജീവിതത്തിന്റെ കരയിൽ വീഴുന്നു
തിരകൾ കരയിലേക്ക് വീഴാൻ
യാത്ര ചെയ്യുമ്പോൾ
തിരയെ കടൽ വിടാതെ ചേർത്തു നിർത്തുന്നു
തിരകളെ തീരം മാടി വിളിക്കുന്നു
തന്റെ മടിത്തട്ടിൽ വീഴാൻ
ഞാൻ തിരയായി കുതിച്ച്
ജീവിതത്തിൻ തീരത്തേക്ക്
വീഴാൻ കൊതിക്കുന്നു
യാത്ര തുടങ്ങുമ്പോൾ ആരോ
പുറകിൽ നിന്ന് തീരത്തേക്ക് പോകാൻ വിടാത്ത പോലെ..



**അനാമിക അശോകൻ**
9C

# അവശിഷ്ടങ്ങൾക്കിടയിലെ ആഗ്രഹം

**കഥ**

**പലസ്തീനിലെ ഗ്രാമത്തിൽ കഴിയുന്ന കൊച്ചുകുട്ടി ഫാത്തിമ തന്റെ ജീവിതം അനുഭവിച്ചു തുടങ്ങിയതേയുള്ളൂ. യുദ്ധത്തിനിടയിൽ ആ കുട്ടി അത് തിരിച്ചറിഞ്ഞു.**

**അവളുടെ ജീവിതം അവസാനിക്കാൻ ആയെന്ന്. ഫാത്തിമ ദിവസവും തന്റെ വീട്ടിന് വെളിയിൽ ഇറങ്ങി.**

**തനിക്ക് ചുറ്റുമുള്ള ലോകത്തെ നിരീക്ഷിക്കും.**

**ദയനീയത അവളെ വല്ലാതെ വേദനിപ്പിച്ചു. ഇസ്രയേൽ തന്റെ ഗ്രാമത്തിൽ ബോംബ് വർഷിക്കാൻ പോകുന്നു എന്ന് അറിഞ്ഞപ്പോൾ ഫാത്തിമ ഒരു പേപ്പറിൽ എന്തോ ഒന്ന് എഴുതി അലമാരക്കകത്ത് വെച്ചു.**

**അവൾ ഉറങ്ങാൻ കിടന്നു. അവൾഉണർന്നില്ല. കുറച്ച് സൈനികർ ഫാത്തിമയുടെ തകർന്ന വീട് പരിശോധിച്ചപ്പോൾ ഫാത്തിമയുടെ ചേതനയറ്റ ശരീരത്തോടൊപ്പം ആ കടലാസ് കഷണം കിട്ടി. തന്റെ വസ്തുക്കൾ താൻ മരിച്ചു കഴിഞ്ഞാൽ അത് ഇല്ലാത്തവർക്ക് ആയി ദാനം ചെയ്യണം എന്ന് എഴുതിയിരുന്നു. ഇത് ലഭിച്ച സൈനികർ ഫാത്തിമയുടെ ആഗ്രഹം നിറവേറ്റി. അവൾ കാരണം ഒരുപാട് കുട്ടികൾക്ക് വസ്ത്രവും ലഭിച്ചു. ഫാത്തിമ ജീവിച്ചിരുന്നുവെങ്കിൽ അവൾ അവിടത്തെ ജനങ്ങൾക്ക് ഒരു ഭാഗ്യമായേനെ.**

## അഭിനവ് കൃഷ്ണ

**9 C**



# മാഞ്ഞുപോയ വഴികൾ

## കഥ

ഞാനൊരു വിദേശിയാണ്. ഗ്രാമത്തിൽ പാടത്ത് ഓടിക്കളിച്ച ഞാനിന്ന് ഏറ്റവും തിരക്കേറിയ ഒരു നഗരത്തിലാണ്. വീട്ടിലെ പ്രാരാബ്ധവും നാട്ടുകാരുടെയും വീട്ടുകാരുടെയും പരാതിയുമാണ് ഞാൻ കടൽ കടന്നു ഈ ദേശത്തിൽ ജീവിക്കാൻ കാരണം.

തിരക്കേറിയ ജോലി കഴിഞ്ഞ് ഞാൻ എന്റെ ഫ്ലാറ്റിലേക്ക് ടാക്സിയിൽ ആണ് വരുന്നത്. എന്റെ ഫ്ലാറ്റിൽ നിന്നും 15 മിനിറ്റ് ദൂരമാണ് എന്റെ ഓഫീസിലേക്ക് ഉള്ളത്. ജോലിയുടെ ഭാരം കാരണം തളർന്നാണ് ഞാൻ ടാക്സിയിൽ ഇരിക്കാറുള്ളത്. അതുകൊണ്ടുതന്നെ കയറിയിരിക്കുമ്പോൾ തന്നെ ഞാൻ ഉറങ്ങാറുണ്ട്. പിന്നെ ടാക്സിക്കാരൻ വിളിക്കുമ്പോൾ ആണ് വീട്ടിലെത്തിയ വിവരം തന്നെ അറിയാറുള്ളത്.
അങ്ങനെ ഒരു ദിവസം ടാക്സിയിൽ കയറി ഞാൻ വിൻഡോയിലൂടെ പുറത്തേക്ക് നോക്കി. എത്ര തിരക്കിട്ടാണ് എല്ലാവരും വീട്ടിലേക്ക് പോകുന്നത്. കളി ചിരിയില്ല സുഹൃത്തുക്കൾ ഇല്ല ധൃതി പിടിച്ച ഈ ഓട്ടത്തിൽ അവർ ചിരിക്കാൻ മറക്കുന്നുണ്ടായേക്കാം. ഞാനെന്റെ കുട്ടിക്കാലത്തിലെ ചില ഓർമ്മകളിലേക്ക് പോയി.
എന്നും രാവിലെ 9 മണിക്ക് ഞാൻ വീട്ടിൽ നിന്ന് ഇറങ്ങും. നടക്കും എന്നെ തേടി എന്റെ കൂട്ടുകാർ വഴിയിൽ നിൽക്കുന്നുണ്ടാകും.

ഞാൻ അവരുടെ കൂടെ ആദ്യം നമ്മുടെ പൂന്തോട്ടത്തിൽ പോകും. ചെടികൾക്ക് വെള്ളം ഒഴിച്ചതിനു ശേഷം അടുത്തുള്ള രവിയേട്ടന്റെ വാഴത്തോട്ടത്തിൽ ചെന്ന് കൂമ്പിൽ നിന്ന് തേൻ കുടിക്കും. എന്നിട്ട് വയലിലൂടെ നടന്ന ഒരു തോടിന്റെ അരികിൽ ഓരോ തമാശകളും പറഞ്ഞിരിക്കും.9.50 ആവുമ്പോൾ സ്കൂളിന്റെ മതിലും ചാടി ക്ലാസ്സിൽ കയറും. ക്ലാസിൽ ടീച്ചർ ഉണ്ടെങ്കിൽ അന്ന് ഒരു പീരിയഡ് പുറത്തായിരിക്കും. ക്ലാസിലെ ഓരോ പിരിയഡിലും നമ്മൾ വൈകുന്നേരം ദിവാകരേട്ടന്റെ കടയിൽ നിന്നും വാങ്ങേണ്ടതും അതിനുവേണ്ടിയുള്ള കാശിനെ പറ്റിയും ആയിരിക്കും ചർച്ച.

അങ്ങനെ നാലു മണിയാകുമ്പോൾ സ്കൂൾ വിടും കയ്യിലുള്ള കാശും വെച്ച് കടയിൽ ചെന്ന് മിട്ടായി വാങ്ങും. എന്നിട്ട് കുളക്കരയിൽ ചെന്ന് മീൻ പിടിക്കും ആ മീൻ ചെറിയ കുപ്പികളിൽ ആക്കി കുട്ടികൾക്ക് കൊടുക്കും. അങ്ങനെ കിട്ടുന്ന കാശു കൊണ്ടാണ് പിറ്റേന്ന് മിട്ടായി വാങ്ങാനുള്ള കാശ് ഉണ്ടാക്കുന്നത്. എന്നിട്ട് പാടത്തിലും വരമ്പിലും കളിച്ച വീട്ടിലേക്ക് എത്തും. അത്രയും മനോഹരമായിരുന്നു എന്റെ വീട്ടിലേക്കുള്ള ആ വഴി...

പെട്ടെന്ന് കാറ് നിന്നു ഡ്രൈവർ വീട് എത്തി എന്ന് പറയുമ്പോഴാണ് ഞാൻ അറിഞ്ഞത്. അന്ന് അതുപോലെ കളിച്ചും രസിച്ചും ഓർമ്മകൾ ഉണ്ടാക്കിയും ആയിരുന്നു ഞാൻ വീട്ടിലെത്തിയിരുന്നത്. എന്നാൽ ഇന്ന് ഒരു ഉറക്കസമയത്തിലൂടെ എത്തുന്നു. എന്തു രസമായിരുന്നു എന്റെ ആ വഴികൾ...



**ദേവനന്ദ**

**9C**

# മതിലുകൾക്ക് പറയാനുള്ളത്
## കവിത

**പറയാൻ ഒരുപാടുണ്ടെങ്കിലും**
**നീ ഒരു സാധു മതിലാണ്**
**പറയാനുള്ളതിനേക്കാളും**
**നിന്നോട് മൊഴിയാണ് ചൊല്ലാനുള്ളത്.**
**വർഷം കുറെ ഉണ്ടെങ്കിലും**
**നീയാണ് നിലനിൽക്കുന്നത്..**
**മതിലുകൾ ഇല്ലെങ്കിൽ**
**നാടില്ല വീടില്ല നമ്മുടെ ലോകമേ ഇല്ല.**
**ഓരോ മനുഷ്യർക്കും വേണ്ടിയാണ് മതിൽ**
**ഓരോ കക്ഷികൾക്കും കിളികൾക്കും**
**മതിൽ ഇല്ലാതെ ജീവിതമേ ഇല്ല**
**കാണാൻ ചെറുതാണെങ്കിലും കേൾക്കാൻ ഒരുപാടുണ്ട്.**



**സ്നേഹ കെ വി**

**10D**

# ആരും അറിയാത്തത്

## കവിത

**ആരും അറിയാതെ എത്രയോ**
**പ്രണയങ്ങൾ മതിലുകൾ അറിഞ്ഞിരിക്കുന്നു**
**നേരിട്ട് പറയാൻ മടിച്ച പ്രണയങ്ങൾ**
**ഒരു മതിലിന് അപ്പുറവും ഇപ്പുറവും നിന്ന്**
**മനസ്സ് തുറന്നത് മതിലിന് മാത്രമേ അറിയൂ**
**ഓരോ മതിലുകൾക്കും നൂറ്റാണ്ടുകളുടെ പ്രണയം**
**പറയാനുണ്ടാകും**
**കാലം എത്ര കഴിഞ്ഞാലും**
**ഇത്തരം പ്രണയങ്ങൾക്ക് അവസാനമില്ല**
**മതിലുകൾക്ക് ശബ്ദം ഉണ്ടായിരുന്നുവെങ്കിൽ**
**എത്രയോ കാര്യങ്ങൾ പറയാനുണ്ടാകും**
**മതിലുകൾക്ക്**
**ഓരോ കാലഘട്ടങ്ങളിലും പ്രണയങ്ങൾ**
**മതിലുകൾ ആരോടും പറയാതെ ഒളിപ്പിച്ചു വച്ചിരിക്കുന്നു**
**ആരോടും പറയില്ല എന്ന് വിശ്വാസത്തിൽ**
**പലരും പറഞ്ഞ കഥകളും കാവ്യങ്ങളും**
**ആരോടും പറയാതെ പരസ്പര പ്രണയത്തെ**
**ഒരു ഹംസത്തെ പോലെ ദൂത് കൈമാറുകയാണ്**
**മതിലുകൾ പരസ്പരം കാണാതെ ആരും**
**അറിയാത്ത പ്രണയങ്ങൾ മതിലുകൾക്ക് മാത്രമേ അറിയൂ**
**അത് അന്നും ഇന്നും എന്നും...**



**അക്ഷര കെ**
9D

# All of the things I ever knew

## Peom

**Open my eyes to the World of Wonder**
**Shining with all colours of life**
**This is the Straight and**
**This is were it ends**
**No matter were we went**
**Glimeering with all life we ever new**
**This is a beautiful mystery**
**No matter how far and deep I go**
**Something that never ends**
**And something that you never fails in surprising me**
**There is a lot more to find**
**And a lots of adventure and fun**
**It is smiles without smiling**
**And crys without a crying**
**But all those emotions**
**Were beautiful and precious for every moment**
**We relay on them as werelay on life**
**All I can say is that**
**These arms were meant for holding them**
**not destroying them**
**I hope these Stays until I open my eyes again**
**As it was and more beautiful than ever**
**And as someone I can always learn on forever and ever going on..**



**Avanthika Udayabhanu**
**9G**

# തിരിച്ചറിവ്- കവിത

അമ്മിഞ്ഞപ്പാലു നുണഞ്ഞു വളർന്നവർ
അമ്മ മലയാളത്തെ നെഞ്ചിലേറ്റി
കുപ്പിപ്പാലു കുടിച്ചു വളരുവോർ
കുഞ്ഞിലേ ഭാഷയെ കാൽക്കീഴിലാക്കുന്നു.

'അമ്മ'യെന്നറിയാതെ മന്ത്രിച്ചാൽ കുഞ്ഞിനെ
അമ്മാനമാടിടും മിസ്സും മമ്മിയും!
അമ്മ ചൊല്ലുന്നു 'മമ്മി'യായ്ത്തീർത്തിടാൻ
അമ്മിഞ്ഞക്കുപ്പിയിൽ ആംഗലേയം മോന്താൻ!

യാചകഭാഷയാണ'മ്മ'യെന്ന്
'മമ്മി' തൻ കുഞ്ഞുമോൻ ചൊല്ലിയത്രെ!
ആംഗലേയത്തിന്റെ ജാലവിദ്യക്കൊപ്പ-
മാടുന്ന മാനവ സംസ്കൃതിയോ ?

കണ്ണാടിക്കൂട്ടിലെ കളവാണി ചൊല്ലുന്ന-
ഭാഷയ്ക്കു പേരെതുച്ചൊല്ലി വിളിക്കണം?
കൈരളിപ്പെണ്ണിനെ കീറിമുറിക്കുന്നോ-
രങ്കച്ചുരികയിലക്ഷരമില്ലയോ?

'മലയാലമരിയില്ല'യെന്ന കിളിമൊഴികൾ
മലയാളം അരിയുന്ന' കാഴ്ചകൾ കാട്ടുന്നു!
കിളികൊഞ്ചും മലയാളമവനിക്കു നൽകിയ
കവികുല ശ്രേഷ്ഠന്റെയുൾത്തടം കത്തുന്നു.

ശൈശവം ബാല്യവും കൗമാരവും-ഇനി
യൗവ്വന കാലത്തെ നഷ്ടസ്വപ്നം
വാർദ്ധക്യമെത്താതെ മൃത്യുവെ വേൾക്കണോ
കൈരളി ഗദ്ഗദം കൊണ്ടിടുന്നു.

കുഞ്ഞുണ്ണി ചൊല്ലിയ നർമ്മോക്തിയും
വള്ളത്തോൾ പാടിയ ചിന്തുകളും
'മലയാളമക്കൾ മറന്നുപോയോ?
കവി-കായമൊപ്പം മറവുചെയ്തോ?

ചിരകാലമതിഥിക്കു സൽക്കാരം നൽകുകിൽ
അടിമപ്പെടുമവർക്കെന്നേക്കുമായ്!
അമ്മ മലയാളത്തെനെഞ്ചിലേറ്റാം
നന്മതൻ നാടിനെ സ്നേഹിച്ചിടാം.

ക്ലാസിക്കൽ മലയാളമല്ല വേണ്ടൂ
ക്ലാസിൽ പഠിക്കണം മലയാളം
എന്റെ മകനറിയില്ല
മലയാളമെന്നറിയുവോർക്കൊരറിവ്
അവനറിയില്ല നിന്നെയും നിൻ
ഗർഭപാത്രത്തെയും.



സുനിമോൾ ബലാൽ

ഈ കവിയുടെ ശബ്ദത്തിൽ
കേൾക്കാൻ QR Code സ്കാൻ
ചെയ്യുക.

# ശിശിരം
## കവിത

**ശിശിരം കൊഴിച്ചിട്ട ചില്ലകളിൽ**
**ഇനിയൊരിക്കലും പുനർജ്ജനിക്കാനാവാതെ**
**നിന്റെ ഓർമ്മകൾ.**
**ഈറനണിഞ്ഞുകൊണ്ടെത്തുന്ന**
**അമ്പലപ്രാവുകളിൽ നിന്നും തളിരിടാനാവാത്ത**
**നാമ്പുകളുടെ വേദനയൊളിപ്പിക്കാൻ**
**കോടമഞ്ഞിന്റെ മൂടുപടമിന്നൊരാശ്വാസമാണ്.**
**എങ്കിലും,**
**ശിശിരമേ**
**എന്തിനെന്നിൽ നീ**
**നിന്നെ വരച്ചു?**



**ഗീത**
**കുടജാദ്രി**

**ഈ കവിയുടെ ശബ്ദത്തിൽ**
**കേൾക്കാൻ QR Code**
**സ്കാൻ ചെയ്യുക.**

# 4 കവിതകൾ

**മാന്യത**

**പകലിന്റെ നഗ്നത മറയ്ക്കാൻ**
**ഇരുട്ട് പുതപ്പിക്കുമ്പോളാണ്**
**നഗ്ന സത്യങ്ങൾ പുതപ്പു നീക്കുന്നത്.**

....................................................................

**കവിത**

**നിന്നെ ഓർക്കുമ്പോളൊക്കെയും**
**നിന്റെ കുളിരിൽ നനയാൻ തുടങ്ങും**
**വാക്കുകൾ ചിറകു തുന്നിയ മായിക ലഹരിയിൽ**
**നിന്നിലേക്കൊഴുകാൻ തുടങ്ങും.**

.........................................................................

**വേര്**

**ചേർത്തു നിർത്തിയതും**
**പിടിച്ചു വച്ചതും**
**ഒരു മലവെള്ളപ്പാച്ചിലിനൊപ്പം**
**ഒളിച്ചോടിപ്പോയപ്പോഴാണ്**
**കടപുഴകി വീണത്**

............................................................

**ഉടൽ പൂത്തപ്പോൾ മുതൽ**
**എരിഞ്ഞു തുടങ്ങിയ ഉൾക്കനൽ**
**ആളിക്കത്തിയത്**
**തീമഴയായ് നീ പെയ്-**
**തിറങ്ങിയപ്പോഴാണ്...!**



**സുനിമോൾ ബളാൽ**

# Nature

## POEM

When the sun rises

Flowers all over the word blosses

Illuminating smell of flowers spread

Cracking sound of birds Rises

All the creation by the nature

Nature is mother is the God

Nature is mother

And natural is the best person in the world

The sound of waterfalls

The sound of animals

Flow of wind

Aur are the creation of nature, the God

Nature is a teacher

Nature tought aus a lot of chapters

Go deep to nature

What the nature Say

How a small stone had been made

From a large stone in mountain

Stone can say how it be made

All are the creation of nature

Human animals birds

All are the creation of nature

Winter rain Thunder

All are the creation of nature



**Sreya M**
**10 E**

# പനിനീർപൂവ്

## കവിത

സ്നേഹം വിതുമ്പലായി മാറി

നിന്നെ ഈ മണ്ണിൽ

നട്ടു നനച്ച കൈകളിൽ

സ്നേഹം മാത്രമായി

ജന്മമെടുത്ത ഞാൻ

വെള്ളവും വളവും നൽകി തലോടി

എന്റെ തൊടിയിൽ തളിർത്തു നിന്നു

എന്റെ ചോരയും നീരും

നിനക്കായി മാത്രം

രാവെന്നോ പകലെന്നോ

മഴയെന്നോ വെയിൽ എന്നോ

നിനക്കായി സഹിച്ചൊരു നാൾ

നിൻ പൂവും നിറവും മണവും

കണ്ടു ഞാൻ എത്രയോ നാൾ അരികിൽ നിന്നു

നിന്നിൽ നിന്നും ഒരു പൂവിതൾ


എൻ കൈയിൽ ചോര പൊടിച്ചു

എങ്കിലും നിൻ ജന്മം

എനിക്ക് സുഗന്ധം



**സുജാത ബാലൻ**



അഭിരാമി കെ





# അഭിരാമി കെ

# പൊന്നോണം

## കവിത

ഓണം പുഷ്പങ്ങളോടു
ചൊല്ലുന്നു!
ഉണരുവാൻ സമയമായ്
കുസുമങ്ങളേ!
പൂ പറിക്കാൻ എത്തുമല്ലോ
കുട്ടിപ്പട്ടാളം!
കളമൊരുക്കാൻ എത്തുമല്ലോ
കുഞ്ഞുമാലാഖ!
സദ്യയുണ്ടാക്കി വിളമ്പാൻ
അമ്മയുണ്ടല്ലോ!
കോടി തന്ന് മുത്തം നൽകാൻ
അച്ഛനുണ്ടല്ലോ!
കോടിയുടുപ്പിച്ച് പൊട്ടുതൊടീക്കാൻ
ചേച്ചിയുണ്ടല്ലോ!
തീഗോളം
കത്തിജ്വലിച്ചു രസിക്കും സൂര്യൻ
ആകാശത്തിലെ തീഗോളം
എന്തിനെയും ചാമ്പലാക്കും
ആകാശത്തിലെ തീഗോളം
എട്ടു ഗ്രഹങ്ങളിൽ വെളിച്ചമേകി
ആകാശത്തിലെ തീ ഗോളം



**അലീഫ അമൻ**

**iV B**

# സ്വപ്നം

## കവിത

**ഹേ സ്വപ്നമേ**

**നിൻ സ്പർശവും തലോടലും**

**എത്ര ഹൃദ്യമായിരുന്നു**

**എന്നാലും എന്നെ നീ ഇവിടെ വിട്ടു പോയല്ലോ**

**ഒടുവിലത്തെ ഒരു ഉറക്കം വരെ**

**ഞാൻ നിന്നെ കാത്തിരിക്കും**



## ദിയ.പി

## IV A

# വസന്തം

കവിത

**ഉടൽ പൂത്തപ്പോൾ മുതൽ**

**എരിഞ്ഞു തുടങ്ങിയ ഉൾക്കനൽ**

**ആളിക്കത്തിയത്**

**തീമഴയായ് നീ പെയ്-**

**തിറങ്ങിയപ്പോഴാണ്...!**



**സുനിമോൾ ബളാൽ**








# വിശ്വജിത്ത്
# ഒമ്പതാം തരം എ


Don't build houses near dams
Let the rivers flow
Don't Destroy Hills
Disaster relief camps
Save the Nature..
DEEPAK.D-10B



# ദീപക്
## ഒമ്പതാം തരം എ




നന്ദി...

ഈ എഴുത്തിനെ വായിച്ചതിന്

കേട്ടതിന്..

നിലയാക്കാത്ത ഒഴുക്കായി ഇനിയും തുടരാൻ

ഈ അക്ഷരക്കൂട്ടങ്ങൾ

ബാക്കിയാകേണ്ടതുണ്ട്.

അതിനാൽ

ഇനിയും മാഗസിനുകൾ ഉണ്ടാകും

കുഞ്ഞുങ്ങൾ കടലാസിൽ

എഴുത്തു നിറയ്ക്കും..

അക്ഷരവിരോധികൾ തോക്ക് താഴെവച്ച്

അടിയറവ് പറയുംവരെ

ഈ എഴുത്ത്

തുടർന്നുകൊണ്ടേയിരിക്കും...